(ഡി) അതോടൊപ്പം പരിഗണനയിലെടുത്ത പൂവാർ സ്റ്റേഷൻ എന്നാണ് ആരംഭിച്ചത്;

(ഇ) ആ വർഷത്തിൽ മാരായമുട്ടം ചാർജിംഗ് സ്റ്റേഷൻ തുടങ്ങാൻ അനുമതി നൽകിയിരുന്നോ;

(എഫ്) മാരായമുട്ടം ചാർജിംഗ് സ്റ്റേഷൻ ഇതുവരെ പണി തുടങ്ങാതിരിക്കുന്നത് എന്തുകൊണ്ട്;

(ജി) മാരായമുട്ടത്ത് അതു തുടങ്ങാൻ കാലതാമസമുണ്ടെങ്കിൽ ആര്യൻകോട് ഔട്ട്പോസ്റ്റ് പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ ചാർജിംഗ് സ്റ്റേഷൻ ഉടൻതന്നെ തുടങ്ങാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി) 1,45,000.

(സി) 1973-ൽ.

(ഡി) പൂവാർ പോലീസ് സ്റ്റേഷൻ 1969-ൽ ആണ് സ്ഥാപിച്ചത്.

(ഇ) ഇല്ല.

(എഫ്) സാമ്പത്തിക പരിമിതികളും മൂലമാണ് മാരായമുട്ടത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കാതിരിക്കുന്നത്.

(ജി) നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല.

ഫുട്പാത്തിലിട്ട് ടില്ലർ റിപ്പയറിംഗ് നടത്തുന്നതുമൂലം കാൽനടക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട്

888 [1644] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് വഴുതക്കാട് ഗണപതി കോവിലിനു പടിഞ്ഞാറുവശമുള്ള ഒരു ടില്ലർ വർക്കുഷോപ്പ്, ഫുട്പാത്തിലിട്ട് ടില്ലർ റിപ്പയറിംഗ് നടത്തുന്നതുമൂലം കാൽനടത്തക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്.

കേരളാ പോലീസ് ഭവനനിർമ്മാണ സഹകരണസംഘം

889 [1645] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് ഭവനനിർമ്മാണ സഹകരണസംഘം എന്നാണ് രജിസ്റ്റർ ചെയ്തത്;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly